ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ


**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630  ഫാക്സ് 0471 2308530**


14.07.2022

പ്രസിദ്ധീകരണത്തിന്

## കേരള സംസ്ഥാന യുവജന കമ്മീഷൻ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ 22.07.2022 ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൌസിൽ വെച്ച് സംഘടിപ്പിക്കുന്നു

**തിരുവനന്തപുരം.** കേരള സംസ്ഥാന യുവജന കമ്മീഷൻ 2022-23 ലെ വിവിധ പദ്ധതികൾക്കായി കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ 22.07.2022 ന് എറണാകുളം ഗവ.ഗസ്റ്റ് ഹൌസ് കോൺഫറൻസ് ഹാളിൽ വെച്ച് രാവിലെ 11.00 മണി മുതൽ 04.00 മണിവരെ സംഘടിപ്പിക്കുന്നു.

**ജില്ലാ കോ- ഓർഡിനേറ്റർമാർ (4 എണ്ണം ഓണറേറിയം.6000/-)** : മദ്യം, മയക്കുമരുന്ന്, റാഗിംഗ്, സൈബർകുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരേയും, റോഡു സുരക്ഷ, മാനസിക ആരോഗ്യം, ഭരണഘടനാ വിദ്യാഭ്യാസം, പരിസ്ഥിതി പുനരുദ്ധാരണം എന്നിവ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിൽ നടത്തുന്നതിനും, ദൈനംദിനം വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കാരണം നിരവധി യുവാക്കളുടെ ജീവൻ നിരത്തുകളിൽ പൊലിയുന്നതും, വർദ്ധിച്ച് വരുന്ന വിവാഹ മോചനങ്ങളും കണക്കിലെടുത്ത് യഥാക്രമം റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണം പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഒഴിവുള്ള ജില്ലകളായ എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലേയ്ക്ക് 4 ജില്ലാ കോ-ഓഡിനേറ്റർമാരെയും തെരഞ്ഞെടുക്കുന്നു. ജില്ലാ കോ-ഓഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത +2 വും, പ്രായപരിധി വയസ്സ് 18 നും - 40 നും മദ്ധ്യേ ആണ്. പ്രസ്തുത മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

**ഗ്രീൻ യൂത്ത് (മാലിന്യ നിർമ്മാർജ്ജനം) ജില്ലാ കോ-ഓഡിനേറ്റർമാർ (3 എണ്ണം, ഓണറേറിയം. 6,000/-)** : പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾ, കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിനെക്കുറിച്ച് പരിഹാരം കണ്ടെത്തൽ ഗ്രീൻ സോൺ പദ്ധതി ആവിഷ്കരിക്കൽ യുവകർഷകരെ കണ്ടെത്തുന്നതിനും കാർഷിക സംരംഭങ്ങളിലേക്ക് കൊണ്ടുവരുന്നതിനും എന്നിവയ്ക്കു വേണ്ടിയും ഒഴിവുള്ള ജില്ലകളായ മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലേയ്ക്ക് 3 ഗ്രീൻ യൂത്ത് ജില്ലാ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നു. ഗ്രീൻ യൂത്ത് ജില്ലാ കോ-ഓഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത +2 വും, പ്രായപരിധി വയസ്സ് 18 നും - 40 നും മദ്ധ്യേ ആണ്. പ്രസ്തുത മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

**"അപേക്ഷകർ അപേക്ഷ ഫോറം കമ്മീഷന്റെ www.ksyc.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, അപേക്ഷകരുടെ ഫോട്ടോ, എന്നിവയുമായി 22.07.2022 ന് രാവിലെ 10.00 മണിയ്ക്ക് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൌസ് കോൺഫറൻസ് ഹാളിൽ എത്തേണ്ടതാണ്. അപൂർണ്ണ അപേക്ഷകൾ സ്വീകരിക്കുന്നതല്ല".**

സെക്രട്ടറി